LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ സ്റ്റോറുകൾക്ക് ലൈസൻസ്

133 (2688) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ എത്ര മെഡിക്കൽ സ്റ്റോറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് ; അവയിൽ എത്ര എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നു ; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര മെഡിക്കൽ സ്റ്റോറുകൾ പൂട്ടിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) സ്വകാര്യ കുത്തക കമ്പനികൾക്ക് ചില്ലറ മരുന്നുവിതരണ ശൃംഖലകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കമ്പനികൾക്ക് അനുമതി നൽകി ; ഏതെല്ലാം കമ്പനികളാണവ ; എവിടെയെല്ലാമാണ് അനുമതി നൽകിയത്; ഇതിൽ ഏതെല്ലാം ആരംഭിച്ചു എന്നും വ്യക്തമാക്കുമോ ;

(ഡി) പുതിയ അപേക്ഷകൾ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ എത്ര അപേക്ഷകൾ പരിഗണനയിലുണ്ട്; ഏതെല്ലാം കമ്പനികളുടെ ഏതെല്ലാം സ്ഥലങ്ങളിലെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) നിലവിൽ വകുപ്പ് ലൈസൻസ് നൽകിയിട്ടുള്ള മെഡിക്കൽ സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. ഇതിൽ റീട്ടെയിൽ ഹോൾസെയിൽ സ്ഥാപനങ്ങളും ഉൾപ്പെടും :

ജില്ല	എണ്ണം
തിരുവനന്തപുരം	1915
കൊല്ലം	1373
പത്തനംതിട്ട	679
ആലപ്പുഴ	1040
കോട്ടയം	1006

ഇടുക്കി	447
എറണാകുളം	2419
തൃശ്ശൂർ	2106
പാലക്കാട്	1217
മലപ്പുറം	2149
കോഴിക്കോട്	1954
വയനാട്	316
കണ്ണൂർ	1152
കാസർഗോഡ്	492

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 178 മെഡിക്കൽ സ്റ്റോറുകൾ പൂട്ടിയിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കാരുണ്യ ഫാർമസി കളുടേതല്ലാത്ത മറ്റ് ചില്ലറ മരുന്നുവിതരണ ശൃംഖലകൾ ലൈസൻസുകൾക്കായി അപേക്ഷ സമർപ്പിച്ചിട്ടില്ല. ലൈസൻസുകൾ അനുവദിക്കുന്നതിനുള്ള നിയമങ്ങൾ പ്രതിപാദിക്കുന്ന Drugs & Cosmetics Act & Rules-ലും ഇത്തരം ലൈസൻസുകൾ അനുവദിക്കാതിരിക്കുന്നതിനുള്ള നിയമങ്ങൾ ഇല്ല.

(ഡി) പുതിയ അപേക്ഷകൾ പരിഗണനയിലില്ല.

മരുന്നുകളുടെ ഗുണനിലവാര പരിശോധന

134 (2689) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) മരുന്ന് വിറ്റഴിച്ച ശേഷമാണ് ഗുണനിലവാര പരിശോധനാഫലം പുറത്ത് വരുന്നത് എന്നതിനാൽ ഇത് പരിഹരിക്കുന്നതിനായി ഗുണനിലവാര പരിശോധനക്ക് ശേഷം മരുന്നുകൾ വിൽക്കുന്നതിനു എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly